# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.981 — 30.11.2018 ലെ മറുപടി

## തണ്ണീർമുക്കം ബണ്ടിന്റെ മൂന്നാം ഘട്ട പണി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.എ.പി. അനിൽ കുമാർ | | കെ.കൃഷ്ണൻകുട്ടി<br>(ജലവിഭവ വകുപ്പമന്ത്രി) |
| (എ) കുട്ടനാട്ടിൽ നിന്നും ജലം ഒഴുകി പോകേണ്ട തണ്ണീർമുക്കം ബണ്ടിന്റെ മൂന്നാം ഘട്ടത്തിന്റെ പണി എന്നാണ് പൂർത്തിയായത്; | (എ) | തണ്ണീർമുക്കം ബണ്ടിന്റെ മൂന്നാംഘട്ട പദ്ധതി പൂർത്തിയായിട്ടില്ല. മെക്കാനിക്കൽ വർക്കുകൾ 99 ശതമാനവും ഇലക്ട്രിക്കൽ പ്രവൃത്തികൾ 72 ശതമാനവും പൂർത്തിയായിട്ടുണ്ട്. ഇതുവശത്തേയും മൺചിറ നീക്കം ചെയ്യുന്നതൊഴിച്ച് എല്ലാ സിവിൽ വർക്കുകളും പൂർത്തിയായിട്ടുണ്ട്. |
| (ബി) മൂന്നാം ഘട്ടത്തിന് മുന്നിലുള്ള മണൽചിറയിലെ മണലിന്റെ അവകാശം സംബന്ധിച്ച തർക്കം കാരണം മണൽചിറ മാറ്റുന്നതിന് എന്തെങ്കിലും കാലതാമസം ഉണ്ടായോ; | (ബി) | മൺചിറ നീക്കം ചെയ്യുമ്പോൾ ലഭിക്കുന്ന മണ്ണിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച തർക്കങ്ങളിൽ ബഹു.ഹൈക്കോടതിയുടെ പരാമർശം ഉണ്ടായതിനാൽ കാലതാമസം ഉണ്ടായിട്ടുണ്ട്. |
| (സി) മണൽചിറ മാറ്റുന്നതിനുണ്ടായ കാലതാമസം കുട്ടനാട്ടിൽ പ്രളയം ഗുരുതരമാക്കുന്നതിനും 90 ശതമാനം ജനങ്ങളെ ഒഴിപ്പിക്കേണ്ട സാഹചര്യമുണ്ടാക്കുവാൻ കാരണമായോ; വ്യക്തമാക്കുമോ? | (സി) | ഇല്ല. തണ്ണീർമുക്കം ബാരേജിന്റെ ഒന്നും രണ്ടും ഘട്ടങ്ങളിലെ 62 ഷട്ടറുകളും മൂന്ന് ലോക്കുകളും വെള്ളപ്പൊക്കത്തിന് മുൻപ് തന്നെ തുറന്നതിനാൽ നീരൊഴുക്കിന് തടസ്സമൊന്നും ഉണ്ടായില്ല. കൂടാതെ വെള്ളപ്പൊക്കം ആരംഭിച്ചതോടെ ബാരേജിന്റെ മൂന്നാം ഘട്ടത്തിലെ 28 ഷട്ടറുകളും 4 നാവിഗേഷൻ ലോക്ക് ഷട്ടറുകളും തുറക്കുകയും തെക്കും വടക്കുമുള്ള മൺചിറയുടെ 55 മീറ്ററോളം നീളവും മുറിക്കുകയും ചെയ്തതോടെ, വെള്ളം തെക്ക് നിന്നും വടക്കോട്ട് സുഗമമായി ഒഴുകുകയുണ്ടായി. |

സെക്ഷൻ ഓഫീസർ